**ഖുത്വ്ബ**
**10.06.2005**
**കാനഡ**

# പള്ളികൾ ശാന്തിയുടേയും സമാധാനത്തിന്റേയും അടയാളമായി മാറണം

أشهد أن لا إله إلا الله وحده لا شريك له وأشهد أن محمداً عبده و رسوله—
أما بعد فأعوذ بالله من الشيطان الرجيم— بسم الله الرحمن الرحيم —
الحمدلله رب العلمين — الرحمن الرحيم — ملك يوم الدين — اياك نعبد و اياك نستعين —
اهدنا الصراط المستقيم — صراط الذين أنعمت عليهم غير المغضوب عليهم ولا الضالين—

وَإِذْ يَرْفَعُ إِبْرَٰهِـۧمُ ٱلْقَوَاعِدَ مِنَ ٱلْبَيْتِ وَإِسْمَـٰعِيلُ رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ ﴿١٢٧﴾ رَبَّنَا وَٱجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَآ ۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٢٨﴾

**നാ**ളെ ഇൻശാഅല്ലാഹുതആല നിങ്ങളുടെ പള്ളിയുടെ തറക്കല്ലിടുന്നതാണ്. ദീർഘകാലമായി ഇവിടെ പള്ളിപണിയാനുള്ള ശ്രമം തുടങ്ങിയിട്ട്. എന്നാൽ, ചില തടസ്സങ്ങൾ ഇതിന്നിടയിൽ വന്നുകൊണ്ടിരുന്നു. ഇക്കാരണത്താൽ സ്ഥലമുണ്ടായിട്ടും പള്ളിനിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചില്ല. ഇപ്പോൾ അല്ലാഹുതആല അവന്റെ അനുഗ്രഹത്താൽ ഈ തടസ്സങ്ങളെല്ലാം നീക്കിയിരിക്കുന്നു. അൽഹംദുലില്ലാഹ്. ഈ പള്ളി നിർമ്മാണത്തിന്നുവേണ്ടി അനുവാദം കിട്ടാൻ സഹായിച്ചവരേയും അതിനുവേണ്ടിയുള്ള ശ്രമത്തിൽ ഏതെങ്കിലും വിധത്തിൽ ഉൾപ്പെട്ടവരേയും അല്ലാഹുതആല അനുഗ്രഹിക്കുമാറാകട്ടെ. അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളികൾ, താൽക്കാലികമായുള്ള ആവേശം കൊണ്ടും വികാരത്തിന്നടിപ്പെട്ടും വെറും ബാഹ്യമായ സൗന്ദര്യം പരിഗണിച്ചുകൊണ്ടും നിർമ്മിക്കുന്ന പള്ളികളിൽപ്പെടുകയില്ല. നമ്മുടെ പള്ളികൾ അങ്ങനെയുള്ളതല്ല. അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളികളുടെ സൗന്ദര്യം അതിലെ നമസ്ക്കാരക്കാരിൽനിന്നാണുണ്ടാകുന്നത്. അതിൽ ആരാധനക്കായി വരുന്ന ആളുകളിൽ നിന്നാണുണ്ടാകുന്നത്. നമ്മുടെ പള്ളികളുടെ തറക്കല്ലിടുന്നത് ഹസ്റത്ത് ഇബ്റാഹിം(അ)മും ഹസ്റത്ത് ഇസ്മായീൽ(അ)മും ദൈവമന്ദിരത്തിന്റെ അടിത്തറകെട്ടിപ്പടുക്കുന്ന നേരത്ത് ചെയ്ത ദുആയോടുകൂടിയാണ്. അഹ്മദികൾ ബാഹ്യമായി ഈമാനിന്റെ തിളപ്പ് കാണിക്കുന്നവരല്ല. അത്തരക്കാരുടെ ഹൃദയം ഒരിക്കലും നമസ്ക്കാരത്തിലായിരിക്കുകയില്ല. മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാത്തവർ ഈമാനിന്റെ ചൂട് തിരിച്ചറിഞ്ഞിട്ടില്ലാത്തവരാണ്. ഈമാനിന്റെ ചൂട് എന്താണെന്ന് അവർക്കറിയുകയില്ല. അവർ ഈമാനിന്റെ ബാഹ്യമായ തലം മാത്രമാണ് എടുക്കുന്നത്. ഈമാനിന്റെ ചൂട് എന്താണെന്ന് അവർക്കെന്തറിയാം. ഈ ബഹുമതി നിങ്ങൾക്ക് ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിച്ചതുകൊണ്ടുമാത്രമാണ് ലഭിച്ചത്. അത് നിലനിറുത്തുന്നതിനുവേണ്ടി നിങ്ങളുടെ ഈമാനിന്റെമേൽ എപ്പോഴും ദൃഷ്ടിവയ്ക്കുക. നിങ്ങൾ നിങ്ങളുടെ പള്ളി നിർമ്മിച്ചുകഴിഞ്ഞാൽ ഹസ്റത്ത് ഇബ്റാഹിം(അ)ന്റേയും ഹസ്റത്ത് ഇസ്മായീൽ(അ)ന്റേയും ദുആകളെ മുന്നിൽക്കാണേണ്ടതാണ്. അപ്പോൾ മാത്രമേ, അവസാനം വന്നവരിലാണെങ്കിലും ആദ്യം വന്നവരിൽ ഉൾപ്പെട്ടവരാകുകയുള്ളൂ. കഅ്ബ മന്ദിരത്തിന്റെ നിർമ്മാണവേളയിൽ ഹസ്റത്ത് ഇബ്റാഹീം(അ)മും ഹസ്റത്ത് ഇസ്മായീൽ(അ)ഉം ചെയ്ത ആ ദുആ എന്തായിരുന്നു. ഞാനോതിയ വചനങ്ങളിൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്.

ഓർമ്മിക്കുക! ഇബ്റാഹീമും ഇസ്മാഈലും ആ മന്ദിരത്തിന്റെ അസ്തിവാരം പടുത്തുയർത്തുകയായിരുന്നപ്പോൾ, (അവർ പ്രാർത്ഥിച്ചു) ഞങ്ങളുടെ

നാഥാ! ഞങ്ങളിൽനിന്നു (ഈ സേവനത്തെ) സ്വീകരിക്കേണമേ! നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലോ. ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരേയും നിന്നെ അനുസരിക്കുന്നവരാക്കേണമേ! ഞങ്ങളുടെ സന്തതികളിൽനിന്നും നിന്നെ അനുസരിക്കുന്ന ഒരു സമൂഹത്തെ എഴുന്നേല്പിക്കേണമേ! ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനകളുടേയും ബലികളുടേയും രീതി നീ പഠിപ്പിച്ചുതരേണമേ! ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ! നിശ്ചയമായും (നിന്റെ ദാസന്മാരുടെ നേരെ) വളരെയധികം ശ്രദ്ധ തിരിക്കുന്നനും കരുണാമയനും നീ തന്നെയാണല്ലോ. (2:128,129)

നമ്മളും ഈ പള്ളിയ്ക്ക് തറക്കല്ലിട്ടുകൊണ്ട് ഇങ്ങനെ ദുആ ചെയ്യുന്നു. അല്ലാഹുവേ! ഞങ്ങളുടെ ഈ നിസ്സാരമായ ത്യാഗത്തെ സ്വീകരിക്കേണമേ! നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ ഈ ത്യാഗം സമർപ്പിക്കുകയാണ്. ഞാൻ ദുആ സ്വീകരിക്കുന്നവനാണെന്ന് നീ തന്നെയാണല്ലോ പറഞ്ഞത്. നീ സർവജ്ഞനുമാണ്. നീ ഞങ്ങളുടെ അകവും പുറവും അറിയുന്നവനാണ്. കഴിഞ്ഞ കാലങ്ങളുടെ അവസ്ഥയെക്കുറിച്ചും നിനക്കറിയാം. നീ ഞങ്ങളുടെ മനസ്സിലുള്ളതും അറിയുന്നു. ഞങ്ങളുടെ മനസ്സിൽ എന്തെങ്കിലും വക്രതയുണ്ടെങ്കിൽ, കുടിലത ഉണ്ടെങ്കിൽ നീ തന്നെ അതകറ്റിയാലും. ഞങ്ങളേയും, ഹസ്റത്ത് ഇബ്റാഹീം(അ)മും ഹസ്റത്ത് ഇസ്മാഈൽ (അ)ഉം ചെയ്ത ആ ദുആയുടെ അനന്തരാവകാശികളാക്കേണമേ. അല്ലാഹുവേ! ഏതുപോലെ നീ ആ രണ്ട് ആത്മാക്കളുടേയും ദുആ സ്വീകരിച്ചുവോ, ഇന്ന് ഞങ്ങളുടെ ദുആയും കേൾക്കേണമേ! ഈ ദൈവമന്ദിരത്തിന്റെ നിർമ്മാണത്തെ, ഈ പള്ളിയുടെ നിർമ്മാണത്തെ സ്വീകരിക്കേണമേ. ഞങ്ങളുടെ സന്താനങ്ങളിൽനിന്നും നിന്നെ ആരാധിക്കുന്നവരെ നീ സൃഷ്ടിച്ചുകൊണ്ടിരിക്കേണമേ. അല്ലാഹുവേ, ഞങ്ങൾ ദുൻയാവിലെ ഏതൊരു ഭാഗത്താണോ വസിച്ചുവരുന്നത്- ഇവിടെ ഭൗതിക സുഖാഢംബരങ്ങൾ ജനങ്ങളെ അന്ധരാക്കിത്തീർത്തിരിക്കുകയാണ്. അല്ലാഹുവേ, ഈ ദുൻയാവിലെ സുഖാഢംബരങ്ങളുടെ മറവിൽ ഞങ്ങളും ഒഴുകിപ്പോകുന്നവരായിത്തീരരുതേ. അതുകൊണ്ട് ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കിക്കൊണ്ടിരിക്കേണമേ. ഇതിനുവേണ്ടി നബി(സ)യുടെ ആത്മീയസുതനായ മസീഹ് മഹ്ദി(അ) മുഖേന ഇക്കാലത്ത് നീ സ്ഥാപിച്ചിട്ടുള്ള നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തിൽ നിന്ന് ഞങ്ങളുടെ എന്തെങ്കിലും തെറ്റുകാരണത്താൽ നീ ഞങ്ങളെ അകറ്റിക്കളയരുതേ. ദൂരെ ദൂരെയുള്ള തലമുറവരെ നീ ഈ അനുഗ്രഹത്തെ നിലനിറുത്തേണമേ. ഞങ്ങളും ഞങ്ങളുടെ മക്കളും തൗബ ചെയ്തുകൊണ്ട് എന്നെന്നും നിന്നിലേക്ക് കുനിയുന്നവരായിത്തീരാൻ നീ ഞങ്ങൾക്കു തൗഫീഖ് നല്കേണമേ. ഞങ്ങളുടെ പശ്ചാത്താപം സ്വീകരിച്ചുകൊണ്ടും ഞങ്ങളിൽ കരുണചൊരിഞ്ഞുകൊണ്ടും നീ എപ്പോഴും ഞങ്ങളെ നിന്റെ ദയാവായ്പിന്റെയും അനുഗ്രഹത്തിന്റെയും പുതപ്പിൽ പൊതിഞ്ഞുവയ്ക്കേണമേ. എപ്പോഴും നിന്നെ ആരാധിക്കുന്നവരും, നിന്റെ പാരിതോഷികമായ ഖിലാഫത്തുമായി ബന്ധപ്പെട്ടുനില്ക്കുന്നവരുമാക്കിത്തീർക്കേണമേ.

ഓരോ അഹ്മദിയും ആത്മാർത്ഥതയോടുകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ട്, ഇങ്ങനെ പ്രാർത്ഥിച്ച് പള്ളിനിർമ്മാണത്തിൽ പങ്കാളികളാകുമ്പോൾ, സ്വന്തം കർമ്മങ്ങൾകൊണ്ടും ആരാധനകൾകൊണ്ടും ഈ പള്ളിയുടെ സൗന്ദര്യത്തിന് മാറ്റുകൂട്ടിക്കൊണ്ടിരിക്കുമ്പോൾ അല്ലാഹുവും അവന്റെ വാഗ്ദാനമനുസരിച്ച് തന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട്, നിങ്ങൾ രണ്ടുരീതിയിലും ഭാഗ്യവാന്മാരാണ്. നിങ്ങൾ ആദ്യത്തെ ഇബ്റാഹീമിലും വിശ്വസിച്ചു. അദ്ദേഹം ഏതൊരു മഹാനായ പ്രവാചകൻ വരുമെന്നാണോ പ്രവചിച്ചത്, ആ പ്രവാചകനേയും അതായത് മുഹമ്മദുമുസ്തഫാ(സ)യേയും പൂർണ്ണമായും വിശ്വസിച്ചു. ആ പ്രവാചകൻ അരുൾചെയ്ത അതായത് തന്റെ ആത്മീയസുതൻ അവസാനകാലത്തു വരുമെന്നും മഞ്ഞുകട്ടകളുടെ മുകളിലൂടെ ഇഴഞ്ഞുപോകേണ്ടിവന്നാലും അദ്ദേഹത്തിന്റെയടുക്കൽ പോകണമെന്നും എന്റെ സലാം പറയണമെന്നും അരുൾചെയ്ത, ആ പ്രവാചകന്റെ പ്രവചന പൂർത്തീകരണത്തിലും നിങ്ങൾ വിശ്വസിച്ചിരിക്കുന്നു. കാരണം ആ മസീഹ് മൗഊദ് ഈ അന്ധകാരഘട്ടത്തിലാണ് നിയോഗിതനാകേണ്ടത്. അതായത് ഇസ്ലാമികാദ്ധ്യാപനം അധികമാളുകളും മറന്നുപോകുകയും ഇസ്ലാമിന്റെ പേരുമാത്രം അവശേഷിക്കുകയും ചെയ്യുന്ന കാലത്താണ് ആ മസീഹ് മൗഊദ് വരിക. ആ ഫയ്ൽവാൻ ലോകത്ത് യഥാർത്ഥ ഇസ്ലാമികാധ്യാപനത്തെ പുനഃസ്ഥാപിക്കുന്നതാണ്. അതുകൊണ്ട് നാം ഭാഗ്യവാന്മാരാണ്. കാരണം ഈ അല്ലാഹുവിന്റെ ഫയൽവാനെ നാം വിശ്വസിച്ചു. എന്നാൽ, ഞാൻ പറഞ്ഞതുപോലെ ഈ അല്ലാഹുവിന്റെ ഫയൽവാൻ ദീനിനെ വീണ്ടും ലോകത്ത് സ്ഥാപിക്കേണ്ട ആളായിരുന്നു. നാം വിശ്വസിച്ചതിനുശേഷം നമ്മുടെ ഉള്ളിൽ മാറ്റങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ, നമ്മുടെ

ആരാധനകളേയും  നമ്മുടെ കർമ്മങ്ങളേയും ആദ്യ കാല വിശ്വാസികളായിരുന്ന നബി(സ)യുടെ സ്വഹാബത്തിന്റെ നിലവാരത്തിലേക്ക് ഉയർത്താത്തിടത്തോളംകാലം നമ്മുടെ ഈമാൻ നിഷ്ഫലമാണ്. ഇക്കാലത്ത് അല്ലാഹുതആല ഈ കർമ്മഭടനെ ഇബ്റാഹീം എന്നു വിളിച്ചിരിക്കുന്നു. ഇങ്ങനെ നോക്കുമ്പോഴും നാം ഭാഗ്യവാന്മാരാണ്. ഇത് സൂചിപ്പിക്കുന്നത് ഈ രണ്ടാമത്തെ ഇബ്റാഹീം, തന്റെ യജമാനരായ ഹസ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ പിൻപറ്റിക്കൊണ്ട്, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുകയും അങ്ങനെ നമ്മുടെ ആത്മശുദ്ധീകരണത്തിനും നമുക്ക് ആത്മീയമായ ഖജനാവുകൾ വിതരണം ചെയ്യുന്നതിനും കാരണമാകുമെന്നാണ്; നാം അതിനുവേണ്ടി തയ്യാറകണമെന്നുമാത്രം. വിശുദ്ധഖുർആനിൽ ഞാനോതിയ വചനത്തിന് മുമ്പേയുള്ള വചനത്തിൽ, മഖാമെ ഇബ്റാഹീമിനെ മാതൃകയെന്നോണം സ്വായത്തമാക്കാൻ കല്പിച്ചിരിക്കുന്നു. ഈ മഖാം അഥവാ പദവിയെപ്പറ്റി ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശദീകരണം കേൾപ്പിക്കുന്നതിനു മുമ്പേ ഇബ്റാഹീമുമായി തനിക്കുള്ള ബന്ധം അവിടന്ന് വിവരിക്കുന്നത് കേൾപ്പിക്കുകയാണ്. അവിടന്ന് പറയുന്നു:

***വത്തഖിദു മിൻമ്മഖാമി ഇബ്റാഹീമ മുസല്ലാ*** എന്ന വചനം സൂചിപ്പിക്കുന്നത്, മുഹമ്മദിയ്യാ ഉമ്മത്തിൽ ഒരുപാട് കക്ഷികൾ ഉണ്ടാകുമെന്നാണ്; അപ്പോൾ അവസാനകാലത്ത് ഒരു ഇബ്റാഹീം ജന്മം കൊള്ളുന്നതാണ്. ആ എല്ലാ കക്ഷികളിലും ഈ ഇബ്റാഹീമിനെ പിൻപറ്റുന്ന കക്ഷിയായിരിക്കും മോക്ഷം പ്രാപിക്കുന്നത്.

നോക്കുക, ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച നിങ്ങൾ സൗഭാഗ്യരാണെന്ന് ഞാനാദ്യമെ പറഞ്ഞു. ഈ അവസാനകാലത്തെ ഇബ്റാഹീമിനെ വിശ്വസിച്ചുകൊണ്ട്, നിങ്ങൾ മോക്ഷപ്രാപ്തിക്ക് അർഹരായ  കക്ഷിയായിത്തീർന്നിരിക്കുന്നു. എന്നാൽ, ഈമാന്റെ തേട്ടം നബി കൊണ്ടുവരുന്ന അദ്ധ്യാപനങ്ങളെ പൂർണ്ണമായും സ്വീകരിക്കുക എന്നതാണെന്ന കാര്യം ഓർക്കുക. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് പറയുന്നതുകൊണ്ടുമാത്രം മോക്ഷം ലഭ്യമല്ല. അല്ലാഹുവിന് ചില നിയമങ്ങളുണ്ട്. അതനുസരിച്ച് വിശ്വസിക്കുമ്പോഴാണ് മോക്ഷം ലഭ്യമാകുന്നത്. അല്ലാഹുതആല ഓരോ അഹ്മദിക്കും ഈ ഈമാൻ കരസ്ഥമാക്കാൻ ഭാഗ്യം നല്കുമാറാകട്ടെ. ഈമാനിന്റെ ഈ നില എങ്ങനെയാണ് കൈവരിക്കേണ്ടത്? ഇതു സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

***വത്തഖിദു മിൻമഖാമി ഇബ്റാഹീമ മുസല്ലാ.*** ഇബ്റാഹീമിന്റെ സ്ഥാനത്തെ നിങ്ങൾ നമസ്കാരസ്ഥലമായി സ്വീകരിക്കുക. ഇവിടെ ഇബ്റാഹീമിന്റെ സ്ഥാനം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുകയും അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് ഓരോ കാര്യവും പ്രവൃത്തിക്കുകയും ചെയ്യുക എന്നാണ്. പിന്നീട് പറഞ്ഞു അല്ലാഹുവിനോടുള്ള സ്നേഹവും പവിത്രമായ സൂക്ഷ്മതയും പരിപൂർണ്ണ സംതൃപ്തിയും കൂറും എന്നതുതന്നെയാണ് ഇബ്റാഹീമിന്റെ യഥാർത്ഥമായ സ്ഥാനം അത് മുഹമ്മദിയ്യാ ഉമ്മത്തിന് അനന്തരാവകാശം എന്ന നിലയിൽ നല്കപ്പെടുന്നതാണ്."

അതായത് അല്ലാഹുവിനോട് സ്നേഹമുണ്ടാകുക. സ്വയം അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയനാക്കിത്തീർക്കുക. അവന്റെ തൃപ്തിയുണ്ടാകുക. അവനോടു കൂറുപുലർത്തുക. അവന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുക. ഇതെല്ലാം ഉണ്ടാകുമ്പോൾ, അത് ഇബ്റാഹീമിന്റെ സ്ഥാനംവരെ മുഹമ്മദിയ്യാ ഉമ്മത്തിനെ  കൊണ്ടുചെന്നെത്തിക്കുന്നതാണ്.

തുടർന്നുപറയുന്നു: "ആരാണോ ഇബ്റാഹീമിന്റെ ഹൃദയത്തിൽ തന്നെ സൃഷ്ടിക്കുന്നത് അവന്റെ അനുസരണവും അതിൽതന്നെയാണ്." ഈ സ്ഥാനത്തെക്കുറിച്ചാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ പഠിപ്പിച്ചത്. ഓരോ അഹ്മദിയേയും ഈ സ്ഥാനത്തേക്ക് കൊണ്ടുപോകാനാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്നത്. ഓരോ അഹ്മദിയുടേയും മനസ്സിൽ അല്ലാഹുവിനോട് സ്നേഹമുണ്ടാകണം; ആ സ്നേഹത്തിന്നെതിരിൽ മറ്റു സ്നേഹമെല്ലാം താണതായി കാണപ്പെടണം. ഹസ്റത്ത് ഇബ്റാഹീം(അ) അല്ലാഹുവിനോടുള്ള സ്നേഹത്തിൽ, ശിർക്കിന്നെതിരിൽ വമ്പിച്ച ജിഹാദാണ് ചെയ്തത്. ഇക്കാരണത്താൽ ശത്രുക്കൾ അദ്ദേഹത്തെ തീയിലേക്ക് എറിയുകയും ചെയ്തു. പക്ഷേ, അല്ലാഹുതആല തന്റെ പ്രിയപ്പെട്ടവരെ അങ്ങനെയങ്ങ് പാഴാക്കിക്കളയുകയില്ല. അങ്ങനെ, ഇബ്റാഹീം(അ)ക്ക് എന്തെങ്കിലും നഷ്ടമുണ്ടാക്കാൻ ആ അഗ്നിക്ക് കഴിഞ്ഞില്ല. നമുക്കും ആത്മപരിശോധന നടത്തേണ്ടതായിവരും. കാരണം ഒരുഭാഗത്ത് നാം നമ്മെ ഇബ്റാഹീമിന്റെ അനുഗ്രഹത്തിൽ പങ്കാളിയാക്കാനാഗ്രഹിക്കുന്നു. നാം ഇക്കാലത്തെ ഇബ്റാഹീമിനെ വിശ്വസിച്ചുകൊണ്ട് എല്ലാതരം ശിർക്കിൽനിന്നും ജാഗരൂകരായിരിക്കുന്നുവെന്ന് അഭിമാനിക്കുന്നു. പക്ഷേ, നമസ്കാരനേരത്ത് അലസതയുടേയും മടിയുടേയും ചെറിയ ചെറിയ ബിംബങ്ങളും ദൈവങ്ങളും നാം

ഉണ്ടാക്കിവെച്ചിരിക്കുന്നു. അവയുടെ പിടിയിൽനിന്ന് രക്ഷപ്പെടാനാഗ്രഹിക്കുന്നില്ല. അല്ലെങ്കിൽ അതിൽനിന്ന് രക്ഷപ്പെടാൻ, രക്ഷപ്പെടേണ്ട രീതിയിൽ പരിശ്രമിക്കുന്നില്ല. ഇബ്റാഹീം(അ)ന് തന്റെ ദൈവത്തോടുണ്ടായിരുന്ന ആ സ്നേഹം നാം ഉണ്ടാക്കാത്തിടത്തോളംകാലം നാം സ്വയം നമ്മെ പൂർണ്ണമായ നിലയിൽ അല്ലാഹുവിനെ ഏല്പിക്കാത്തിടത്തോളം കാലം, നമ്മുടെ എല്ലാ കാര്യങ്ങളും നാം അല്ലാഹുവിൽ ഉപേക്ഷിക്കാത്തിടത്തോളംകാലം, ആരാധനകളുടെ ഉന്നതമായ നിലവാരം കൈവരിക്കുന്നതിനോടൊപ്പം അഹങ്കാരത്തെ ഉപേക്ഷിക്കാത്തിടത്തോളം കാലം, നമ്മുടെ തറവാടിത്തത്തിന്റെ അഹങ്കാരത്തിൽനിന്ന് പുറത്തുചാടാത്തിടത്തോളംകാലം, സയ്യിദാണ്, മുഗളനാണ്, പഠാനാണ്, ജാടാൻ എന്ന ചിന്താഗതിയിൽനിന്ന് വെളിയിൽ വരാത്തിടത്തോളംകാലം, നമ്മുടെ നില അല്ലാഹുവിന്റെ കല്പനകളനുസരിച്ച് തഖ്വയിൽ ആകാത്തിടത്തോളംകാലം, ''അല്ലാഹുവേ ഇബ്റാഹീമിന്റെ സ്ഥാനത്ത് നീ ഞങ്ങളെ നിയോഗിക്കേണമേ" എന്ന വായകൊണ്ടുള്ള വെറും പറച്ചിൽ ഒരു പ്രയോജനവും നമുക്കു ചെയ്യുകയില്ല. ഇതെല്ലാം പ്രവൃത്തിമാർഗ്ഗത്തിൽ കൊണ്ടുവരുമ്പോഴാണ് നാം ഇബ്റാഹീമിന്റെ സ്ഥാനത്ത് ചുവടുവെയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും ആ സ്ഥാനത്ത് പദമൂന്നിക്കൊണ്ട് നമ്മുടെ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ അർപ്പിക്കുന്നുവെന്നും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ടിരിക്കുന്നുവെന്നും നാം കൂറുപുലർത്തുന്നവരിൽപ്പെട്ടവരാണെന്നും ഇക്കാലത്തെ ഇബ്റാഹീമിനോട് നാം ചെയ്തിട്ടുള്ള ബയ്അത്തിന്റെ നിബന്ധനകൾ പാലിക്കുന്നവാരണെന്നും നമുക്ക് പറയാൻ കഴിയുക. നാം ഈ നില കൈവരിക്കുമ്പോഴാണ് അല്ലെങ്കിൽ കൈവരിക്കാൻ ശ്രമിക്കുമ്പോഴാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ടവരിൽ ഉൾപ്പെട്ടവരാണെന്ന് മനസ്സിലാക്കപ്പെടുന്നത്. ഇല്ലെങ്കിൽ, നാം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതവൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകൾ എന്നു പറയപ്പെടുകയില്ല. മറിച്ച്, ഒരു ഉണക്ക മരക്കൊമ്പുപോലെ- അതിനെ ഒരു തോട്ടക്കാരനും വെച്ചുപൊറുപ്പിക്കുകയില്ല- മുറിച്ചെറിയപ്പെടുന്നതാണ്. കാരണം ഏതൊരുസ്ഥാനത്ത് നില്ക്കാനാണോ ഉമ്മത്തെ മുഹമ്മദിയ്യാ കല്പിക്കപ്പെട്ടിട്ടുള്ളത് ആ സ്ഥാനത്തെ നാം പിൻപറ്റുന്നില്ല, ആ സ്ഥാനത്ത് നാം നില്ക്കുന്നുമില്ല. അതുകൊണ്ട് നബി (സ)യെ സത്യസന്ധമായി സ്നേഹിക്കുന്നയാളും, അവിടത്തെ ഭക്തദാസനുമായ ഇക്കാലത്തെ ഇബ്റാഹീമിനെ വിശ്വസിച്ചുകൊണ്ട് നമുക്ക് നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കേണ്ടതായിവരും. നമ്മുടെ ഹൃദയത്തിലും ഇബ്റാഹീമിന്റെ സവിശേഷഗുണങ്ങൾ സൃഷ്ടിക്കേണ്ടതായിവരും. നമ്മുടെ കർമ്മങ്ങളേയും നമ്മുടെ ആരാധനകളേയും, അല്ലാഹു നമ്മോടു കല്പിച്ചിട്ടുള്ള പ്രകാരം ആക്കിത്തീർക്കേണ്ടതായിവരും. നമ്മുടെ പള്ളികളിൽനിന്ന് അല്ലാഹുവിന്റെ ഏകത്വത്തിന്റെ ശബ്ദം ഉയരുന്നതോടൊപ്പം, സ്നേഹത്തിന്റേയും പ്രേമത്തിന്റേയും മൈത്രിബന്ധത്തിന്റെയും മുദ്രാവാക്യം മുഴക്കേണ്ടതായിവരും; ഇബ്റാഹീമിന്റെ സ്ഥാനത്ത് നില്ക്കുന്നവരാണെന്ന് പറയപ്പെടാൻവേണ്ടി. ഇല്ലെങ്കിൽ ബയ്അത്തു ചെയ്തുവെന്ന ഈ വാദം പൊള്ളയായ വാദമാണ്. ആരാധനകളുടെ ഈ നില സ്ഥാപിച്ചെടുക്കുന്നില്ലെങ്കിൽ, കർമ്മങ്ങളുടെ ഈ നില സ്ഥാപിച്ചെടുക്കുന്നില്ലെങ്കിൽ നാമും നബി(സ) തിരുമേനി പ്രവചിച്ചതനുസരിച്ച് ഇന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കാത്ത മുസ്ലിംകളുടെ കൂടെ നില്ക്കുന്നവരായിത്തീരും. അവരുടെ പള്ളികൾ പ്രത്യക്ഷത്തിൽ നമസ്കാരക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നതായി കാണാം. പക്ഷേ, അവിടെ വിദ്വേഷത്തിന്റെ കോലാഹലങ്ങളും പരസ്പരം കഴുത്തുമുറിക്കലുമല്ലാതെ മറ്റൊന്നും തന്നെയില്ല. അവിടെ ഏതൊരു മുല്ലാക്കയുടെ കൈയ്ക്കുള്ളിലാണോ മിമ്പർ അമർന്നിരിക്കുന്നത്, അയാൾ മറ്റുള്ള കക്ഷികൾക്കെതിരെ അസഭ്യശരങ്ങൾ തൊടുത്തുവിടുകയല്ലാതെ മറ്റൊന്നും ചെയ്യുകയില്ല. അവിടെ പോകുന്ന ചില മാന്യരായ വ്യക്തികൾ "മൗലാനാ ഞങ്ങൾ ഇസ്ലാം പഠിക്കാനാണ് വന്നത്, ചീത്തവിളി കേൾക്കാനല്ല വന്നത്" എന്നു പറഞ്ഞ് എഴുന്നേറ്റുപോകുന്നു. എന്തായാലും ഈ നാമമാത്രധാരികളായ 'ഉലമാഅ്' മസീഹ് മഹ്ദി(അ) വെളിപ്പെട്ടുക്കഴിഞ്ഞ ഇക്കാലത്ത്, ആ മഹാത്മാവിനെ വിശ്വസിക്കാതെ ഇതുതന്നെയായിരുന്നു ചെയ്യേണ്ടിയിരുന്നതും. കാരണം അതും നബി(സ) പ്രവചിച്ചതാണ്. അതിനെക്കുറിച്ച് ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു.

ഹസ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: അടുത്തുതന്നെ ഒരു കാലം വരും. ഇസ്ലാമിന്റെ നാമം മാത്രമെ അവശേഷിക്കുകയുള്ളൂ. ഖുർആനിലെ ലിപികളല്ലാതെ മറ്റൊന്നും ഉണ്ടായിരിക്കുകയില്ല. ആ കാലത്തെ ജനങ്ങളുടെ പള്ളികൾ പ്രത്യക്ഷത്തിൽ ജനനിബിഡമായിരിക്കും. പക്ഷേ, ഹിദായത്ത് അഥവാ സന്മാർഗ്ഗം അതിൽ ഉണ്ടായിരിക്കുകയില്ല. അവരുടെ ആലിംകൾ ആകാശത്തിൻകീഴിൽ വസിക്കുന്നവരിൽ ഏറ്റവും നികൃഷ്ടരായിരിക്കും. അവരിൽ നിന്ന് ഫിത്ന പുറ

പ്പെടുകയും അവരിലേക്കുതന്നെ അത് മടക്കപ്പെടുകയും ചെയ്യും.

എന്നാൽ, നിങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിച്ചുകഴിഞ്ഞിട്ടുള്ളവരാണ്. ഇനി ആ പാതാളത്തിലേക്ക് തിരിച്ചുപോകാതിരിക്കുക. അവിടെ കൂരിരുട്ടാണ്. നന്മയിൽ നിലയുറച്ചുനിന്നുകൊണ്ട് പള്ളികളെ നന്മയുടെയും ക്ഷേമത്തിന്റേയും വെളിച്ചത്തിന്റേയും മിനാരമാക്കിത്തീർക്കുക.

ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: നന്മ പഠിക്കുകയും നന്മയുടെ കാര്യങ്ങൾ അറിയുകയും ചെയ്യുക എന്നുദ്ദേശ്യത്തോടെ ആരാണോ നമ്മുടെ ഈ പള്ളിയിൽ വരുന്നത് അവൻ, അല്ലാഹുവിന്റെ വഴിയിൽ ജിഹാദ് ചെയ്യുന്നവനെപ്പോലെയാണ്. മറ്റേതെങ്കിലും ഉദ്ദേശ്യത്തോടെ ആരാണോ പള്ളിയിൽ വരുന്നത്, അവൻ കാണുന്ന വസ്തു ലഭിക്കാത്തവനെ പോലെയാണ്. അവന്റെ പള്ളിയിൽ വരൽ നിഷ്പ്രയോജനമാണ്. കാരണം സത്യവിശ്വാസികളുടെ പള്ളികൾ കപടവിശ്വാസികൾക്കും ഫിത്നകൾ ഉണ്ടാക്കുന്നവർക്കും വേണ്ടിയുള്ളതല്ല. നമ്മളിൽ ഓരോരുത്തരും, ഏക ദൈവത്തെ ആരാധിക്കുക എന്ന ഉദ്ദേശ്യത്തോടെ പള്ളിയിൽ പോകുന്നവരും, അത് പഠിക്കാനാഗ്രഹിക്കുന്നവരും, ആ പഠിച്ച കാര്യങ്ങൾ സ്വയം നടപ്പിൽവരുത്തുകയും മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുന്നവരുമായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നമ്മുടെ ഉദ്ദേശ്യങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതു മാത്രമായിരിക്കുമാറാകട്ടെ; ജിഹാദിന്റെ പ്രതിഫലം കൈപറ്റുന്നവരിൽ ഉൾപ്പെടുന്നതിനുവേണ്ടി, ചെറിയ ചെറിയ വഴക്കുകളും, പിണക്കങ്ങളും നന്മയിൽനിന്ന് നമ്മെ തടയുന്നവരാക്കിത്തീർക്കാതിരിക്കട്ടെ. പള്ളിയിൽ നാം വരുന്നത് നമ്മുടെ സമൂഹത്തിനും നന്മയ്ക്കും ക്ഷേമത്തിനും കാരണമായിത്തീരട്ടെ; ദുഃഖത്തിനും വിഷമത്തിനും കാരണമാകാതിരിക്കട്ടെ.

ഈ നിയ്യത്ത് അഥവാ ഉദ്ദേശ്യത്തോടെ ഓരോരുത്തരും പരിശ്രമിക്കുമ്പോൾ, ഈ പരിശ്രമങ്ങൾ അല്ലാഹുവിന്റെ പക്കൽ തീർച്ചയായും സ്വീകാര്യമാകും. ഇത് നിങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാക്കുന്നതിനോടൊപ്പം സമൂഹത്തിൽ സ്നേഹം വിതറുകയും ചെയ്യുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളികൾ എന്തായാലും നന്മയും ക്ഷേമവും പരത്തുന്നതാണ്. അതുകൊണ്ട് ഈ നിയ്യത്തോടെയാണ് ഇവിടെ വരേണ്ടത്. വഴക്കും കലഹവും ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരെങ്കിലും വന്നാൽ, അവന് വിജയിക്കാൻ സാധ്യമല്ല. എന്നാൽ, ഓരോ അഹ്മദിയും ഇതിന്റെ അടിസ്ഥാനത്തിലും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്; ഒരു ഉപദ്രവും ജമാഅത്തിനുള്ളിൽ വളർന്നുവരാതിരിക്കാൻ വേണ്ടി. ഓരോ അഹ്മദിയും ജനങ്ങളുടെ നന്മയും ക്ഷേമവും മുന്നിൽ കാണേണ്ടതാണ്. കാരണം ഇതുതന്നെയാണ് ഇസ്ലാമിന്റെ ശരിയായ അദ്ധ്യാപനത്തെ ലോകത്ത് പരത്താനുള്ള സംവിധാനം. വഴി തെറ്റി ഉഴലുന്നവർക്ക് ശരിയായ വഴി കാണിക്കേണ്ടത് ഈ അദ്ധ്യാപനം തന്നെയാണ്. ഈ അദ്ധ്യാപനം പരത്തുന്നതിൽ പള്ളികൾക്ക് സുപ്രധാനമായ പങ്കാണുള്ളത്. നമ്മുടെ പള്ളികൾ ശാന്തിയുടെ അടയാളമാണെന്ന് നാം നമ്മുടെ പ്രവർത്തനത്തിലൂടെ കാണിച്ചുകൊടുക്കേണ്ടതായിവരും. പള്ളികൾ അല്ലാഹുവിന്റെ സൃഷ്ടികളെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന ജാമ്യക്കാരനായിത്തീരണം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇപ്പോൾ നമ്മുടെ ജമാഅത്തിന് പള്ളികൾ വളരെ അത്യാവശ്യമാണ്. ഇത് അല്ലാഹുവിന്റെ വീടാണ്. എതൊരു ഗ്രാമത്തിൽ അല്ലെങ്കിൽ പട്ടണത്തിലാണോ നമ്മുടെ പള്ളികൾ നിർമ്മിക്കപ്പെടുന്നത്, മനസ്സിലാക്കിക്കൊള്ളുക ജമാഅത്തിന്റെ പുരോഗതിക്കുള്ള അടിത്തറ ഇട്ടുകഴിഞ്ഞുവെന്ന്. മുസ്ലിംകൾ കുറവോ, ഇല്ലാത്തതോ ആയ ഗ്രാമമോ പട്ടണമോ ഉണ്ടെങ്കിൽ അവിടെ ഇസ്ലാമിന്റെ പുരോഗതി ആഗ്രഹിക്കുന്നെങ്കിൽ ഒരു പള്ളി നിർമ്മിക്കേണ്ടതാണ്. പിന്നീട് അല്ലാഹുതന്നെ അവിടെ മുസ്ലിംകളെ വലിച്ചുകൊണ്ടുവരും. പക്ഷേ, പള്ളി നിർമ്മിക്കുന്നതിന് ആത്മാർത്ഥമായ ഉദ്ദേശ്യമുണ്ടായിരിക്കണമെന്നു മാത്രം. അല്ലാഹുവിനുവേണ്ടി മാത്രം അത് നിർമ്മിക്കുക. സ്വാർത്ഥതാൽപര്യമോ ഉപദ്രവമോ ശല്യമോ ഉണ്ടാകാതിരിക്കുമ്പോഴാണ് അല്ലാഹു അനുഗ്രഹിക്കുന്നത്. ജമാഅത്തിന് അഭിവൃദ്ധിയുണ്ടാകുന്നത് ഇത്തരം കാര്യങ്ങൾ നടപ്പിൽ വരുത്തുമ്പോഴാണ്. പള്ളികൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവന്റെ മുമ്പിൽ കുമ്പിടുവിക്കുന്നതിനുള്ള മാർഗ്ഗമാണ്; അല്ലാതെ കലഹമുണ്ടാക്കാനല്ല. ഇവിടെ നിർമ്മിക്കാൻ പോകുന്ന ഈ പള്ളി അതിന്റെ ശരിയായ കടമ നിറവേറ്റുന്നതായിത്തീരുമാറാകട്ടെ. നിങ്ങളുടെ ഉത്തരവാദിത്തം നിങ്ങൾ മനസ്സിലാക്കുന്നവരായിത്തീരട്ടെ. ഈ പള്ളി ഈ സ്ഥലത്ത് ജമാഅത്തിന്റെ അഭിവൃദ്ധിക്ക് മുന്നൊരുക്കക്കാരനായി സ്ഥാപിതമാവട്ടെ. ജനഹൃദയങ്ങളെ പിടിച്ചുവലിച്ച് കൊണ്ടുവരുന്നതിന് കാരണമായിത്തീരട്ടെ.

ഹസ്റത്ത് അഖ്ദ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു: പള്ളികളുടെ യഥാർത്ഥ സൗന്ദര്യം കെട്ടിടവുമായിട്ടല്ല. പ്രത്യുത ആത്മാർത്ഥതയോടുകൂടി അതിൽ നമസ്കരിക്കുന്നവരുമായിട്ടാണ്. ഇല്ലെങ്കിൽ ഈ എല്ലാ പള്ളികളും ശൂന്യമാണ്. റസൂൽ കരിം (സ)ന്റെ പള്ളി ചെറുതായിരുന്നു. ഈന്തനപ്പനയോലകൊണ്ടാണ് അതിന്റെ മേൽക്കൂര മേഞ്ഞിരുന്നത്. മഴ പെയ്യുമ്പോൾ ചോർന്നൊലിക്കുമായിരുന്നു. പള്ളികളുടെ സൗന്ദര്യം, നമസ്കാരക്കാരോടൊപ്പമായിരുന്നു. നബി(സ) തിരുമേനിയുടെ കാലത്ത് ഭൗതികാസക്തിക്കടിപ്പെട്ടവർ ഒരു പള്ളി പണിതിരുന്നു. അത് അല്ലാഹുവിന്റെ കല്പനയാൽ തകർക്കപ്പെട്ടു. മസ്ജിദ് ളിറാർ എന്നായിരുന്നു അതിന്റെ പേര്. പള്ളികൾ തഖ്വയ്ക്കുവേണ്ടിയായിരിക്കണം നിർമ്മിക്കേണ്ടത്. നമ്മുടെ ഈ പള്ളിയുടെ അടിത്തറയും തഖ്വയിലായിരിക്കുമാറാകട്ടെ. നമ്മുടെ ബലഹീനതകൾ അകറ്റിയും അല്ലാഹുവിന്റെ സന്നിധിയിൽ പാപപ്പൊറുതി തേടിയും അവനോട് സഹായം ചോദിച്ചുംകൊണ്ട് അത് നിർമ്മിക്കുക. അവനോടുള്ള ഭയം നമ്മുടെ ഹൃദയങ്ങളിൽ നിലനില്ക്കുമാറാകട്ടെ. ***വലാ തുഫ്സിദൂ ഫിൽഅർളി ബഅ്ദ ഇസ്ലാഹിഹാ വദ്ഊഹു ഖൗഫൻ വ്വ ത്വമഅ- ഇന്ന റഹ്മത്തല്ലാഹി ഖരീബുൻമ്മിനൽ മുസ്ലിമീൻ-*** ഭൂമിയിൽ നന്മ വരുത്തിയശേഷം അതിൽ കുഴപ്പമുണ്ടാക്കരുത്. ഭയത്തോടും പ്രത്യാശയോടുംകൂടി നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സുകൃതവാന്മാരുമായി അടുത്തതാണ് (*7:57*) എന്ന ഖുർആനിക കല്പനയനുസരിച്ച് നാം പ്രവർത്തിക്കുന്നവരായിത്തീരുമാറാകട്ടെ.

അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ നിലനിറുത്തിക്കൊണ്ട്, അവനെ വിളിക്കേണ്ടതാണ്. എന്തെങ്കിലും അത്യാഗ്രഹമോ അതിമോഹമോ ഉണ്ടാകുകയാണെങ്കിൽത്തന്നെ അല്ലാഹു നമ്മെ തൃപ്തിപ്പെടണം എന്നതു മാത്രമായിരിക്കണം അത്. അല്ലാഹു നമ്മെ അമ്പിയാക്കന്മാരെക്കുറിച്ച് വിശുദ്ധ ഖുർആനിൽ പ്രഖ്യാപിച്ചിട്ടുള്ള പാരിതോഷികങ്ങളുടെ അനന്തരാവകാശികളാക്കുമാറാക്കട്ടെ. നബി(സ) തന്റെ ഉമ്മത്തിനുവേണ്ടി ചെയ്തിട്ടുള്ള ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശ്വസിച്ചിട്ടുള്ളവരിൽനിന്ന് പ്രതീക്ഷിച്ചിട്ടുള്ള നന്മകൾ ചെയ്യാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ കാരുണ്യം എപ്പോഴും നമ്മെ പൊതിയുമാറാകട്ടെ. ഞാൻ ഓതിയ വചനത്തിന്റെ ആരംഭത്തിൽ പറഞ്ഞ കലഹക്കാരുടെ കൂട്ടത്തിൽ നാം ഒരിക്കലും പെട്ടുപോകാതിരിക്കട്ടെ. നമ്മുടെ ഓരോ കർമ്മവും അല്ലാഹുവിന്റെ സ്നേഹത്തെ സ്വരുക്കൂട്ടുന്നതിന്നായിരിക്കേണ്ടതാണ്. നബി(സ) ചെയ്ത ഈ ദുആ അതായത്, "ഞാൻ ആരുടേയെങ്കിലും മേൽ അക്രമം പ്രവർത്തിക്കുന്നതിൽനിന്നും അല്ലെങ്കിൽ എന്നിൽ ആരെങ്കിലും അക്രമം കാണിക്കുന്നതിൽനിന്നും ഞാൻ നിന്നെ അഭയം തേടുന്നു" എന്ന ദുആയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. മനുഷ്യനെ ശയ്ത്താന്റെ വലയിൽ കുടുക്കുന്ന ചെറിയ ചെറിയ കാര്യങ്ങൾ ഉണ്ട്. ഒന്നും ചിന്തിക്കാതെ ദുർഭാവനയിൽ അടിയുറച്ചുനിന്നുകൊണ്ട് പരസ്പരം ആക്ഷേപം ഉന്നയിക്കുകയും കഠിനമായ പദങ്ങൾ വിളിച്ചുപറയുകയും ചെയ്യുന്ന അവസ്ഥവരെ അതുകൊണ്ടെത്തിക്കുന്നു. കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് ചെയ്തിരിക്കുന്ന പ്രതിജ്ഞ ലംഘിക്കുന്നവരാകുന്നുണ്ടോ എന്ന് ഓരോ അഹ്മദിയും ചിന്തിക്കേണ്ടതാണ്. ആ പ്രതിജ്ഞാലംഘനം ക്ഷമയില്ലായ്മയും തെറ്റുധാരണയും മറ്റുള്ളവരെ താണവരായി കാണുകയും അഹങ്കരിക്കുകയും ചെയ്യുന്നതുകൊണ്ടൊക്കെ ആവാം. ഈ ചിന്താഗതിയോടെ ഓരോരുത്തരും ആത്മപരിശോധന നടത്തുമ്പോൾ അല്ലാഹുവിനെ ആരാധിക്കുന്നവരിൽപ്പെടുന്നവരോടൊപ്പം അന്തരീക്ഷത്തിൽ സുഗന്ധം പരത്തുന്നവരുമായിത്തീരും. അല്ലാഹുതആല നിങ്ങൾക്കെല്ലാം ഇതിന് തൗഫീഖ് നല്കുമാറാകാട്ടെ. ഹസ്റത്ത് അഖ്ദ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു: സാധാരണ ഭൗതികരായ ആളുകൾ ജീവിക്കുന്നതുപോലെ, ജീവിക്കാനുള്ളതല്ല നമ്മുടെ ജമാഅത്ത് എന്ന കാര്യം ഓർത്തുകൊള്ളുവിൻ. ഞങ്ങൾ ഈ ജമാഅത്തിലുള്ളവരാണെന്ന് കേവലം പറയുകയും പ്രവർത്തിക്കേണ്ട ആവശ്യമില്ലെന്ന് കരുതുകയും ചെയ്യുന്നത് ശരിയല്ല. നിർഭാഗ്യവശാൽ മുസ്ലിംകളുടെ ഇന്നത്തെ അവസ്ഥ ഇതാണ്. മുസ്ലിമാണോ എന്ന് ചോദിച്ചാൽ പറയും 'ശുക്ർ' അൽഹംദുലില്ലാഹ്. എന്നാൽ നമസ്കരിക്കുകയില്ല. അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുകയില്ല. അതുകൊണ്ട് ചെയ്തുകാണിക്കാത്തതും നാവുകൊണ്ടുമാത്രമുള്ളതുമായ സമ്മതമല്ല നിങ്ങളിൽനിന്ന് ഞാൻ ആഗ്രഹിക്കുന്നത്. അത് അങ്ങേയറ്റം തരംതാണ അവസ്ഥയാണ്. അല്ലാഹു അതിനെ ഇഷ്ടപ്പെടുന്നില്ല. ലോകത്തിന്റെ ഈ അവസ്ഥ കൊണ്ടാണ് അത് നന്നാക്കിത്തീർക്കാൻ അല്ലാഹു എന്നെ എഴുന്നേല്പിച്ചത്. അതുകൊണ്ട് ഞാനുമായി ബന്ധംവെച്ചതിനുശേഷവും സ്വയം നന്നാക്കിത്തീർക്കാതെയും

കർമ്മപരമായ കഴിവുകളെ അഭിവൃദ്ധിപ്പെടുത്താതേയും നാവുകൊണ്ടുള്ള സമ്മതം മാത്രംമതി എന്നു കരുതുന്നുവെങ്കിൽ അവൻ തന്റെ പ്രവൃത്തിയിലൂടെ ഞാൻ വരേണ്ട ആവശ്യമില്ല എന്ന അഭിപ്രായത്തിന് ശക്തിപകരുകയാണ് ചെയ്യുന്നത്. നിങ്ങൾ നിങ്ങളുടെ കർമ്മങ്ങളാൽ എന്റെ വരവ് നിർത്ഥകമാണെന്ന് സ്ഥാപിച്ചുകാണിക്കാൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ ഞാനുമായി ബന്ധംവെയ്ക്കുന്നു എന്നതിന് എന്തർത്ഥമാണുള്ളത്? ഞാനുമായി ബന്ധമുണ്ടെങ്കിൽ എന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും പൂർത്തിയാക്കുക. അതെന്താണെന്നുവെച്ചാൽ, അല്ലാഹുവിന്റെ തിരുസന്നിധിയിൽ നിങ്ങളുടെ ആത്മാർത്ഥതയും കൂറും കാണിക്കുകയെന്നതാണ്. നബി(സ) കാണിച്ചതുപോലെ സഹാബത്ത് ചെയ്തതുപോലെ വിശുദ്ധഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുക. അതിന്റെ ശരിയായ ആശയം മനസ്സിലാക്കുക. അതനുസരിച്ച് പ്രവർത്തിക്കുക. അല്ലാഹുവിന്റെ തിരുസന്നിധിയിൽ നാവുകൊണ്ടുള്ള സമ്മതം മാത്രം പോരാ, കർമ്മവും അനിവാര്യമാണ്. അല്ലാഹു നിലനിർത്താൻ ആഗ്രഹിക്കുന്ന ജമാഅത്ത് കർമ്മം കൂടാതെ ജീവനോടെ നിലനില്ക്കുകയില്ല. ഹസ്റത്ത് ആദമിന്റെ കാലംതൊട്ടേ തയ്യാറെടുപ്പ് ആരംഭിച്ച മഹത്തായ ആ ജമാഅത്താണിത്. ഈ ക്ഷണത്തെ സംബന്ധിച്ച് അറിയിച്ചിട്ടില്ലാത്ത ഒരു നബിയും ലോകത്ത് വന്നിട്ടില്ല. അതുകൊണ്ട് ഇതിനെ ആദരിക്കുക. സ്വന്തം കർമ്മംകൊണ്ട് സത്യത്തിന്നർഹരായവരുടെ സംഘം നിങ്ങൾ തന്നെയാണെന്ന് സ്ഥാപിച്ചുകാണിക്കുക എന്നതാണ് ആദരിക്കുക എന്നതിന്റെ അർത്ഥം."

ഈ സ്ഥാനത്ത് നിങ്ങളെ കാണാനാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്നത്. അവിടന്ന് തുടർന്നുപറയുന്നു: "ഇവിടെ സന്നിഹിതരായിരിക്കുന്ന എന്റെ ജമാഅത്തിലുള്ളവരെല്ലാം ഈ വസീയത്ത് ശ്രദ്ധയോടെ കേൾക്കുക. ഈ ജമാഅത്തിൽ നിങ്ങൾ പ്രവേശിച്ചുകൊണ്ട് ഞാനുമായി ബന്ധംവെക്കുകയും എന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം സദാചാരത്തിന്റേയും സൗശീലത്തിന്റേയും ദൈവഭയത്തിന്റേയും ഉന്നതമായ നിലവരെ എത്തുക എന്നതാണ്. ഒരുതരത്തിലുള്ള കുഴപ്പവും ദ്രോഹവും ദുർന്നടപ്പും അവരുടെ അടുക്കൽ വരാൻ പാടില്ല. അവർ അഞ്ചുനേരം നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരാകണം. കളവ് പറയരുത്. നാവുകൊണ്ട് ആരേയും വേദനിപ്പിക്കരുത്. ഒരുതരത്തിലുള്ള ദുഷ്കർമ്മത്തിനും ഇരയാകാൻ പാടില്ല. ഏതെങ്കിലും രീതിയിലുള്ള ദ്രോഹപ്രവൃത്തിയെക്കുറിച്ചോ അക്രമം ചെയ്യുന്നതിനെക്കുറിച്ചോ കലഹമുണ്ടാക്കുന്നതിനെക്കുറിച്ചോ ഫിത്ന പരത്തുന്നതിനെക്കുറിച്ചോ വിചാരിക്കാനേ പാടില്ല. (ചെയ്യരുത് എന്നല്ല ചെയ്യുമെന്ന വിചാരമേ പാടില്ല) ചുരുക്കത്തിൽ എല്ലാത്തരം തെറ്റുകളിൽനിന്നും അതായത്, പാപങ്ങളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും ചെയ്യാൻ പാടില്ലാത്തതും പറയാൻ പാടില്ലാത്തതുമായ കാര്യങ്ങളിൽനിന്നും എല്ലാവിധ ശരീരേച്ഛകളിൽനിന്നും നിരർത്ഥകമായ പ്രവൃത്തികളിൽനിന്നും ഒഴിഞ്ഞുനില്ക്കേണ്ടതാണ്. അല്ലാഹുവിന്റെ, പരിശുദ്ധഹൃദയരും നിരുപദ്രവകാരികളും സൽസ്വഭാവികളുമായ ദാസരായിത്തീരുക. വിഷലിപ്തമായ ഒരു സ്വഭാവവും അവശേഷിക്കരുത്. മനുഷ്യകുലത്തോട് സഹതാപം കാണിക്കുക. അല്ലാഹുവിനെ ഭയപ്പെടുക. നാവിനേയും കൈകളേയും വിചാരങ്ങളേയും എല്ലാത്തരം അശുദ്ധിയിൽനിന്നും കുഴപ്പമുണ്ടാക്കുന്ന പ്രവണതയിൽനിന്നും വഞ്ചനയിൽനിന്നും രക്ഷിക്കുക. അഞ്ചുനേര നമസ്കാരം അങ്ങേയറ്റം ചിട്ടയോടെ അനുഷ്ഠിക്കുക. (ഇതിന്റെ കുറവ് ജമാഅത്തിൽ നല്ലവണ്ണം ഉണ്ട് അഞ്ചുനേര നമസ്കാരം മുടങ്ങാതെ അനുഷ്ഠിക്കപ്പെടുന്നില്ല.) അക്രമം, കൈയ്യേറ്റം, അതിരുലംഘനം, വഞ്ചന, കൈക്കൂലി, അവകാശധ്വംസനം, പക്ഷപാദിത്വം തുടങ്ങിയവയിൽനിന്നെല്ലാം മാറിനിൽക്കുക. (ചിലപ്പോൾ സ്വന്തം ബന്ധുക്കളുടെ കാര്യം വരുമ്പോൾ അനാവശ്യമായി പക്ഷപാദിത്വം കാണിക്കാൻ തുടങ്ങും. ഏതെങ്കിലും ജമാഅത്തിൽ ആരെയെങ്കിലും കുറിച്ച് പരാതി വന്നാൽ പക്ഷപാദിത്വപരമായ നിലപാട് സ്വീകരിച്ച് സ്വന്തം ആളെ രക്ഷിക്കാൻ ശ്രമിക്കും. അല്ലെങ്കിൽ സ്വന്തം ബന്ധുവിനോട് പക്ഷപാദിത്വം കാണിച്ച് മറ്റുള്ളവർക്കെതിരിൽ പരാതിപ്പെടാൻ തുടങ്ങും. ഇതിൽനിന്നെല്ലാം ജമാഅത്തിലെ ഓരോരുത്തരും രക്ഷപ്പെടേണ്ടതാണ്.)

അവിടുന്ന് പറയുന്നു: "വൃത്തികെട്ട സംഘത്തിൽ ഇരിക്കാൻ പാടില്ല. അവരോടൊപ്പം വന്നും പോയുമിരുന്ന ഒരാൾ അല്ലാഹുവിന്റെ കല്പനകളെ ധിക്കരിക്കുന്നവനും സമസൃഷ്ടികളോടുള്ള കടമകൾ നിർവ്വഹിക്കാത്തവനും അക്രമിയും ദുസ്വഭാവിയും ദുർന്നടപ്പുകാരനുമാണെന്ന് തെളിഞ്ഞാൽ അപ്രകാരം തന്നെ നിങ്ങൾ ബയ്അത്ത് ചെയ്തിരിക്കുന്ന വ്യക്തിയെ അതായത്, ഹസ്റത്ത് മസീഹ് മൗഊദ്(അ)നേയും പിന്നീട് ഖലീഫമാരേയും അന്യായമായി ശകാരിക്കുകയും ചീത്തപറയുകയും ചെയ്യുന്ന ആളാണെന്നും ദൈവദാസന്മാരെ വഞ്ചിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ആളാണെന്നും തെളിഞ്ഞാൽ

അത്തരം ദോഷംചെയ്യുന്ന വ്യക്തിയെ നിങ്ങളുടെ ഇടയിൽനിന്ന് നിർബന്ധമായും അകറ്റേണ്ടതാണ്. ആ അപകടകാരിയായ മനുഷ്യനിൽനിന്നും തികച്ചും വിട്ടു നില്ക്കേണ്ടതാണ്. ഏതെങ്കിലും മതാനുയായിക്കോ, സംഘത്തിൽപ്പെട്ടയാൾക്കോ നഷ്ടമുണ്ടാക്കണമെന്ന ചിന്ത വെച്ചുപുലർത്തരുത്. എല്ലാവർക്കും സദുപദേശങ്ങൾ നല്കുന്നവരായിത്തീരുക. അതായത്, സത്യമായ നിലയിൽ ഉപദേശിക്കുന്നവരും നല്ല അഭിപ്രായം നല്കുന്നവരും എല്ലാവരുടേയും നന്മകൾ ആഗ്രഹിക്കുന്നവരുമായിത്തീരുക.

ഉപദ്രവകാരികളും ഗുണ്ടകളും ദുർന്നടപ്പുകാരും കലഹക്കാരും ഒരിക്കലും നിങ്ങളുടെ മജ്‌ലിസിൽ ഇടപഴകാൻ പാടില്ല. നിങ്ങളുടെ വീടുകളിൽ വസിക്കാനും പാടില്ല. അവർ ഏതെങ്കിലും നേരത്ത് നിങ്ങളെ വഞ്ചിക്കുന്നതാണ്. ഇതെല്ലാം ഞാനാദ്യം മുതലേ പറഞ്ഞുവരുന്ന കാര്യങ്ങളാണ്. എല്ലാ വസിയ്യത്തുകളും അനുസരിച്ച് പ്രവൃത്തിക്കേണ്ടതും എന്റെ ജമാഅത്തിലുള്ളവർക്ക് നിർബന്ധമാണ്. നിങ്ങളുടെ മജ്‌ലിസിൽ അധിക്ഷേപങ്ങളും പരിഹാസങ്ങളും ഉണ്ടാകാൻ പാടില്ല. സദ്ഹൃദയരും സദ്സ്വഭാവക്കാരും സദ്‌വിചാരക്കാരുമായിക്കൊണ്ട് ഭൂമിയിൽ നടക്കുക. കൂട്ടംകൂടിയിരുന്ന് മറ്റുള്ളവരെ പരിഹസിക്കുക എന്നത് ചിലരുടെ ശീലമാണ്.”

വീണ്ടും പറയുന്നു: “എല്ലാ ഉപദ്രവങ്ങളും എതിർപ്പ് അർഹിക്കുന്നതല്ല എന്ന കാര്യം ഓർക്കുക. അതുകൊണ്ട് എപ്പോഴും വിട്ടുവീഴ്ച ചെയ്യുവാനും മാപ്പുകൊടുക്കുവാനുമുള്ള ശീലരാകുക. ക്ഷമയോടും അലിവോടുംകൂടി പെരുമാറുക. അന്യായമായ നിലയിൽ ആരുടെമേലും ആക്രമണം നടത്തരുത്. വികാരാവേശങ്ങളെ അമർത്തിവെക്കുക. നിങ്ങളെ ലോകത്തിന്നായി നന്മയുടെയും സത്യസന്ധതയുടേയും മാതൃകയുള്ള ഒരു ജമാഅത്താക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു. നല്ല നിലവാരത്തിൽ കാണാൻ കഴിയുംവിധം മാറ്റമുണ്ടാക്കിയെങ്കിൽ മാത്രമേ മാതൃകയാവുകയുള്ളൂ. യഥാർത്ഥത്തിൽ ഇവർ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും ഇവരുടെ മാതൃക അംഗീകാരാർഹമാണെന്നും മറ്റുള്ളവർക്ക് പറയാൻ കഴിയണം. അതുകൊണ്ട് തിന്മയുടേയും ദുഷ്ടതകളുടേയും കലഹങ്ങളുടേയും ദുഷ്ചിന്തയുടേയും മാതൃകയായ വ്യക്തികളെ എത്രയും വേഗം നിങ്ങളുടെ ഇടയിൽനിന്ന് നീക്കം ചെയ്യുക. നന്മയോടും സൂക്ഷ്മതയോടും അലിവോടും മാന്യമായ സംസാരത്തോടും സൽസ്വഭാവത്തോടും സദാചാരത്തോടുംകൂടി നമ്മുടെ ജമാഅത്തിൽ കഴിയാൻ പറ്റാത്തവർ എത്രയും പെട്ടെന്ന് നമ്മളിൽനിന്ന് വിട്ടുപോവേണ്ടതാണ്. അത്തരം വ്യക്തി നമ്മുടെ ഇടയിൽ കഴിയാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. തീർച്ചയായും അവൻ നിർഭാഗ്യനായിട്ടായിരിക്കും മരിക്കുക. കാരണം അവൻ സന്മാർഗ്ഗം സ്വീകരിച്ചില്ല. അതുകൊണ്ട് നിങ്ങൾ ജാഗരൂകരാകുവിൻ. യഥാർത്ഥത്തിൽ സദ്ഹൃദയരും, സൽസ്വഭാവക്കാരും സദാചാരക്കാരുമായി തീരുവിൻ. നിങ്ങൾ അഞ്ചുനേരത്തെ നമസ്കാരംകൊണ്ടും സൽസ്വഭാവം കൊണ്ടും തിരിച്ചറിയപ്പെടുന്നതാണ്. ആരിലാണോ തിന്മയുടെ ബീജമുള്ളത് അവൻ ഈ ഉപദേശത്തിൽ നിലകൊള്ളുകയില്ല.”

ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ ഉയർത്തിക്കൊണ്ടുവരാൻ ആഗ്രഹിക്കുന്ന ആ നിലവാരത്തിലേക്ക് ഉയരാൻ അല്ലാഹു നമുക്കെല്ലാം തൗഫീഖ് നല്കുമാറാകട്ടെ. അവിടത്തെ മിഷനെ അഭിവൃദ്ധിപ്പെടുത്തുന്നവരായിത്തീരുമാറാകട്ടെ; ലോകം മുഴുവൻ ഇസ്‌ലാമിന്റെ കൊടി ഉയർത്തുന്നതിനുവേണ്ടി. മസീഹ് മൗഊദ്(അ) മുന്നറിയിപ്പ് നല്കിയ കാര്യങ്ങളൊന്നും നമ്മളിൽനിന്ന് ഉണ്ടാകാതിരിക്കട്ടെ. എന്നല്ല, അവിടത്തെ പ്രാർത്ഥനകളുടെ അനന്തരാവകാശികളാക്കിത്തീർക്കുംവിധമായിരിക്കട്ടെ നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും.

Jumua Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
10.6.2005
at
Canada

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala